വേളാർ സമുദായവും ഫീസ്സ് സൗജന്യവും.

530. **MR. SANKARAN NADAR** (*Neyyattikara I—Hindu Nadar Samvaranam*): (എ) വേളാർ സമുദായത്തിൽപെട്ട വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് മുൻപു ഫീസ്സ് സൗജന്യമുണ്ടായിരുന്നോ?

(ബി) അതു് എപ്പോൾ നിറുത്തി, അതിനു കാരണമെന്തു്?

HON'BLE MR. N. KUNJURAMAN: (എ) ഇംഗ്ലീഷ് സ്കൂളുകളിൽ മുഴുവൻ ഫീസ്സ് സൗജന്യവും, മലയാളം തമിഴ് സ്കൂളുകളിൽ പകുതി ഫീസ്സ് സൗജന്യവും ഉണ്ടായിരുന്നു.

(ബി) സാക്ഷരതാനുപാതികജനസംഖ്യയെ അടിസ്ഥാനമാക്കി പുതിയ ഫീസ്സ് സൗജന്യച്ചട്ടങ്ങൾ ഉണ്ടായതിന്റെ ഫലമായി ഫസ്റ്റ്-ടു സ്കൂൾ വർഷാരംഭംമുതൽ ഈ സൗജന്യം നിറുത്തൽ ചെയ്തു.

പോലീസ് ഡിപ്പാർട്ടുമെൻറിലെ ക്ലാക്കന്മാർ.

541 **MR. THARIATHU KUNJITHOMMEN** (*Muvattupuzha II—General*) താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പോലീസ് വകുപ്പ് മന്ത്രി സഭയെ മറുപടി പറയുമോ?

പോലീസ് വകുപ്പിൽ ആകെയുള്ള ക്ലാക്കന്മാരുടെ സമുദായം തിരിച്ചുള്ള ഒരു പട്ടിക ദയവുചെയ്തു മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. T. K. NARAYANA PILLAI: പോലീസുവകുപ്പിൽ ആകെയുള്ള ക്ലാക്കന്മാരുടെ സമുദായം തിരിച്ചുള്ള ഒരു പട്ടിക അടിയിൽ ചേർക്കുന്നു.

1	Brahmin	12
2	Ezhava	29
3	Kammala	5
4	Kuravar	Nil
5	Nadar	1
6	Nairs	76
7	Other Hindu	6
8	Other specified Hindu	3
9	Paraya	Nil
10	Pulaya	1
11	Vellala	6
12	Anglican	8
13	Jacobite	15

LIBRARY ARCHIVES Kerala Legislative Assembly